## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 549** **12.06.2012-ൽ മറുപടിയ്ക്ക്**

## സ്കൂൾ കായികമേള

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | | ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും, സ്പോർട്സും, സിനിമയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന സ്കൂൾ മീറ്റിലെ നിലവാരത്തകർച്ചയ്ക്ക് പ്രധാന കാരണം കായിക പരിശീലകർക്ക് വേണ്ട പരിശീലനം കിട്ടുന്നില്ല എന്നതാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കായിക പരിശീലകർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം വിദ്യാഭ്യാസ വകുപ്പും സ്പോർട്സ് കൗൺസിലും ആവിഷ്ക്കരിച്ചു നടപ്പിലാക്കുമോ ; | (എ) | ഇക്കാര്യം ശ്രദ്ധയിൽ പെട്ടിട്ടില്ല |
| (ബി) | കാണികൾ വെയിലത്ത് ഗ്യാലറിയിൽ ഇരുന്ന് മീറ്റുകൾ കാണുന്നതിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ഗ്യാലറികളിൽ പന്തൽ കെട്ടി കൂടുതൽ കാണികളെ ആകർഷിച്ച് താരങ്ങളെ പ്രചോദിപ്പിക്കുവാൻ അടുത്ത കായികമേള മുതൽ നടപടി സ്വീകരിക്കുമോ ? | (ബി) | കായിക മേളകൾക്കുവേണ്ടി അനുവദിക്കപ്പെടുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത്തരത്തിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ